പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3377

29/01/2014- ൽ മറുപടിക്ക്

ജന്തുരോഗങ്ങൾ നിയന്ത്രിക്കുന്നതിനായുള്ള അസ്കാഡ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ:<br>ശ്രീമതി പി.അയിഷാ പോറ്റി:<br>ശ്രീ. സി.കെ. സദാശിവൻ:<br>ശ്രീമതി കെ.എസ്. സലീഖ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) ജന്തുരോഗങ്ങൾ നിയന്ത്രിക്കുന്നതിനായുള്ള അസ്കാഡ് പദ്ധതിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (എ) നടത്തിയിട്ടുണ്ട്. കേരളാ വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന മണ്ണുത്തി വെറ്ററിനറി കോളേജിലെ ഡിപ്പാർട്ടുമെന്റ് ഓഫ് എപ്പിഡമിയോളജി & പ്രിവൻറീവ് മെഡിസിനിലെ പ്രൊഫസർ, ടി-പദ്ധതിയുടെ നടത്തിപ്പിന്റെ വിലയിരുത്തൽ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ ഏതെല്ലാം രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള കുത്തിവെപ്പുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) അസ്കാഡ് പദ്ധതി 75% കേന്ദ്ര സഹായ ത്തോടുകൂടി കേന്ദ്രത്തിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം നടപ്പിലാക്കി വരുന്ന പദ്ധതിയാണ്. ഈ പദ്ധതിയിലൂടെ കന്നുകാലികൾക്കും പക്ഷികൾക്കുമുണ്ടാകുന്ന പ്രധാനപ്പെട്ട രോഗങ്ങളെ നിയന്ത്രിക്കുന്നതിനുള്ള പ്രതിരോധ കുത്തിവെയ്പ്പുകൾ സംഘടിപ്പിച്ചുവരുന്നു. കന്നുകാലികളിൽ ഉണ്ടാകുന്ന അടപ്പൻ, കരലടപ്പൻ, പന്നികളിൽ ഉണ്ടാകുന്ന പന്നിപ്പനി പക്ഷികളിൽ കാണപ്പെടുന്ന കോഴിവസന്ത, താറാവു വസന്ത, ഡക്ക് പാസ്ച്ചറല്ല തുടങ്ങിയ രോഗങ്ങൾക്കെതിരെയാണ് പ്രതിരോധ കുത്തിവെയ്പ്പ് നടത്തിവരുന്നത്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് വ്യാപകമായി ക്കൊണ്ടിരിക്കുന്ന കുളമ്പുരോഗത്തെ പ്രതിരോധിക്കാൻ പ്രസ്തുത പദ്ധതിയുടെകീഴിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | അസ്കാഡ് പദ്ധതിയിൽ കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നില്ല. എന്നാൽ അസ്കാഡ് പദ്ധതിയിൽ പ്രധാനപ്പെട്ട രോഗങ്ങളെക്കുറിച്ചും അവയുടെ നിയന്ത്രണത്തെക്കുറിച്ചുമുള്ള ബോധവൽക്കരണത്തിനാവശ്യമായ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ